**കേരള സർക്കാർ**

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സർക്കുലർ**

**നം: 41/2021/ധന** **തീയതി, തിരുവനന്തപുരം 03/05/2021.**

**വിഷയം: ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

**സൂചന: (1). 22-05-1997 ലെ സർക്കുലർ നം. 42/97/ധന.**
**(2). 01-01-2003 ലെ സർക്കുലർ നം. 04/03/ധന.**

സൂചന-1 ലെ സർക്കുലർ പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ സർക്കാർ കമ്പനി / കോർപ്പറേഷൻ അല്ലെങ്കിൽ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജോലിക്കായി രാജി വയ്ക്കുകയോ വിട്ടുതൽ ചെയ്യുകയോ ചെയ്യുന്ന അവസരത്തിൽ ക്രെഡിറ്റിൽ ലഭ്യമായ ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ വ്യവസ്ഥകൾക്ക് വിധേയമായി അനുവദനീയമായിരുന്നു. എന്നാൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന അവസരത്തിലോ സർവ്വീസിലിരിക്കെ മരണപ്പെടുന്ന അവസരത്തിലോ മാത്രമായി ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ ആനുകൂല്യം സൂചന 2 പ്രകാരം പരിമിതപ്പെടുത്തിയിരുന്നു.

സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് വിട്ടുതൽ ചെയ്ത് സർക്കാരിന് കീഴിലുള്ള കമ്പനി / കോർപ്പറേഷൻ / സർവ്വകലാശാല അല്ലെങ്കിൽ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ തിരിച്ചോ പുതിയൊരു ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ ആദ്യ സർവ്വീസിൽ ക്രെഡിറ്റിലുള്ള ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ധാരാളം അപേക്ഷകൾ ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഒരു സർക്കാർ ജീവനക്കാരൻ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് വിട്ടുതൽ ചെയ്ത് സർക്കാരിന് കീഴിലുള്ള കമ്പനി / കോർപ്പറേഷൻ / സർവ്വകലാശാല അല്ലെങ്കിൽ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ തിരിച്ചോ പുതിയൊരു ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ ആദ്യ സർവീസിൽ ചട്ടപ്രകാരം ക്രെഡിറ്റിൽ അനുവദനീയമായിരുന്ന ആർജിതാവധി പരമാവധി 150 ദിവസം എന്ന പരിധിയ്ക്ക് വിധേയമായി വിട്ടുതൽ ചെയ്യുന്ന സമയത്ത് അനുവദനീയമായിരുന്ന ശമ്പളം കണക്കാക്കി വിട്ടുതൽ ചെയ്യുന്ന സ്ഥാപനത്തിൽ / വകുപ്പിൽ നിന്നും ടെർമിനൽ സറണ്ടർ ആയി അനുവദിക്കാവുന്നതാണ്. ക്രെഡിറ്റിൽ 150 ദിവസത്തിൽ കൂടുതലുള്ള ആർജിതാവധി ഇത്തരത്തിൽ സറണ്ടർ ചെയ്യുവാൻ സാധിക്കുകയില്ല.
2. ബഹു. മുഖ്യമന്ത്രി, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷനേതാവ് എന്നിവരുടെ പേർസണൽ സ്റ്റാഫിൽ കോ-ടെർമിനസ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന, ടെർമിനൽ സറണ്ടർ അനുവദയനീയമായ ജീവനക്കാർക്കും ഈ ഉത്തരവ് ബാധകമാണ്.
3. സംസ്ഥാന സർക്കാരിന് കീഴിലുള്ള ഒരു വകുപ്പിൽ നിന്ന് വിട്ടുതൽ ചെയ്ത് സേവനഭംഗമില്ലാതെ മറ്റൊരു വകുപ്പിലെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് നിലവിലെ വ്യവസ്ഥ പ്രകാരം ക്രെഡിറ്റിൽ അവശേഷിക്കുന്ന ആർജ്ജിത അവധി ക്യാരി ഓവർ ചെയ്ത് നൽകാവുന്നതാണ്.
4. ഈ സർക്കുലറിന് 01.01.2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ്ജനറൽ (ആഡിറ്റ്)-II), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (ആമുഖ കത്തോട്ട കൂടി)
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്തോട്ട കൂടി).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്തോട്ട കൂടി)
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോട്ട കൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോട്ട കൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോട്ട കൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E 1752768, RULES-B1/28/2021-FIN**)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**